പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1397 11.06.2019-ൽ മറുപടിക്ക്

നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തടനിയമപ്രകാരം ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; സംസ്ഥാനത്ത് എല്ലാ പ്രദേശത്തെയും ഡേറ്റാ ബാങ്ക് തയാറാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ ;<br><br>(ബി) സംസ്ഥാനത്തെ എത്ര കൃഷിഭവനുകളിൽ നാളിതുവരെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ | (എ) & (ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർ ത്തടങ്ങളുടെയും ഡാറ്റാബാങ്കുകൾ തയ്യാറാക്കു ന്നതിന് നടപടികൾ ഊർജ്ജിതമായി നടത്തി വരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധ പ്പെടുത്തിയിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. |
| (സി) ഡേറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്ന പരാതി യുടെ അടിസ്ഥാനത്തിൽ അത് തിരുത്തു ന്നതിനായി ലഭിച്ച അപേക്ഷകളിൽ വ്യക്തമായി തീർപ്പ് കല്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC -യെ ഏൽപ്പി ച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രദേശങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രക്രിയകൾ നടന്നു വരുന്നു. കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ 2008-ന് മുമ്പ് നിലമായിരുന്നുവെന്ന് തെറ്റായി രേഖ പ്പെടുത്തിയ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 180 ദിവസം അനുവദിക്കുകയും അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ അപ്രകാരം സ്വീകരിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന പരാതി ഉണ്ടായതിനെ തുടർന്ന് സർക്കാർ |

നിർദ്ദേശിച്ചതനുസരിച്ച് ഡേറ്റാബാങ്ക് കറക്ഷനു വേണ്ടി ലഭ്യമായ അപേക്ഷകൾ കൃത്യമായി പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കു വാനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതിപ്രകാരം 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന നിബന്ധന പ്രകാരം എത്ര ഹെക്ടർ/ ഏക്കർ നെൽ വയലുകൾ/ തണ്ണീർത്തടങ്ങൾ നികത്തുന്നതിനാണ് അനുമതി നല്കിയത്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 2008 ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന ഭേദഗതി ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(ഡി)
(ഇ) വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**